പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2398

07.02.2019 - ൽ മറുപടിക്ക്.

## സിഡ്കോ ജീവനക്കാർക്ക് പെയ്ഡ് ലീവ്

ചോദ്യം
ശ്രീ. പി. സി. ജോർജ്

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) കേരള സിഡ്കോയിൽ ഏതെല്ലാം ജീവക്കാർക്കാണ് പെയ്ഡ് ലീവ് അനുവദിക്കുന്നത് ; വിശദമാക്കുമോ; | (എ) : സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 14 :1 എന്ന അനുപാതത്തിൽ പെയ്ഡ് ലീവ് അനുവദിക്കാറുണ്ട്. |
| (ബി) പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ഹെഡ് ഓഫീസ് അടക്കമുള്ള ഓഫീസുകളിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് പെയ്ഡ് ലീവ് അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) : ഉണ്ട്. തൊഴിലാളികൾക്ക് പെയ്ഡ് ലീവ് അനുവദിക്കുന്നതിന് സിഡ്കോയിൽ പ്രത്യേകമായി ഉത്തരവ് ഇറക്കാറില്ല. |
| (സി) 2015-ൽ സർക്കാർ നിയമിച്ച വർക്കർ തസ്തികയിലെ ജീവനക്കാരിൽ മേൽ & പ്രകാരം മാറ്റി നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് മാത്രം പെയ്ഡ് ലീവ് അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;<br>(ഡി) പെയ്ഡ് ലീവ് ലഭിക്കാത്ത ഇത്തരം ജീവനക്കാർക്ക്, സ്റ്റാഫ് കാറ്റഗറിയിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതു പോലെ 20 കാഷ്വൽ ലീവും ലീവ് സറണ്ടറും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) : (ഡി) ഉണ്ട്. 2015-ൽ സിഡ്കോ നിയമിച്ച അൺസ്കിൽഡ് വർക്കർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ വിഷയത്തിൽ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. ഇക്കാരണത്താൽ പ്രസ്തുത നിയമനം ക്രമീകരിക്കുവാനോ നിരീക്ഷണകാലം വിജയകരമായി പൂർത്തിയായതായി പ്രഖ്യാപിക്കുവാനോ കഴിയാത്തതിനാൽ ഇവർക്ക് പെയ്ഡ് ലീവ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. പെയ്ഡ് ലീവ് ലഭിക്കാത്ത ജീവനക്കാർക്ക് 12 ആകസ്മികാവധി മാത്രമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ.

ജക/02/02/19